അതുകൊണ്ട് സ്ഥാപനം എന്നു ചേർക്കുന്നതായിരിക്കും നല്ലതെന്നു തോന്നുന്നു.

ശ്രീ. തമ്പാനൂർ രവി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(106) പീഠികയിലെ രണ്ടാം ഖണ്ഡികയിൽ "സർട്ടിഫിക്കറ്റുകളും" എന്നതിനു ശേഷം "സമ്മത പത്രങ്ങളും" എന്നുകൂടി ചേർക്കുക.

(109) 1-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൽ "ബോർഡുകളും" എന്നതിനു പകരം "ബോർഡുകളുടെ സ്ഥാപിക്കലും" എന്ന് ചേർക്കുക. സർ, 106 എന്നു പറയുന്നത് 'സർട്ടിഫിക്കറ്റുകളും' എന്നതിനു ശേഷം 'സമ്മതപത്രങ്ങളും' എന്നു ചേർക്കുക എന്നതാണ്. 109-ൽ പറയുന്നത് 1-ാം വകുപ്പിലെ ഉപവകുപ്പിൽ 'ബോർഡുകൾ' എന്നതിനു പകരം 'ബോർഡുകളുടെ സ്ഥാപിക്കലും' എന്നു ചേർക്കുന്നതായിരിക്കും നല്ലത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. തമ്പാനൂർ രവി എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : ഈ സഹസ്രാബ്ദത്തിലെ അവസാനത്തെ ബില്ലാണിത്. അവസാനത്തെ സഭയുമാണ്.

അവകാശലംഘന പ്രശ്നങ്ങൾ

XII (a) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ : ഓർഡർ, ഓർഡർ...

1997 ഏപ്രിൽ 11-ാം തീയതിയിലെ മലയാള മനോരമ ദിനപ്പത്രത്തിൽ "മദ്യവിരുദ്ധവാദം രണ്ടെണ്ണം അടിച്ചിട്ട്: ലോറൻസ്" എന്ന തലക്കെട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എം. ലോറൻസിന്റേതായി വന്ന വാർത്തയിലെ ചില പരാമർശങ്ങളെ അടിസ്ഥാനമാക്കി, അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ശ്രീ. കെ.എ. ചന്ദ്രൻ ഒരു വോട്ടിന് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ വിശദീകരണമാരായുകയുണ്ടായി. സി.ഐ.ടി.യു. വിന്റെ ദേശീയ സമ്മേളനവുമായി ബന്ധപ്പെട്ട് നടത്തിയ പത്രസമ്മേളനത്തിലെ ചില ചോദ്യങ്ങൾക്ക് ഞാൻ നൽകിയ മറുപടി തെറ്റായി വ്യാഖ്യാനിച്ചതാണ് പ്രസ്തുത പത്രറിപ്പോർട്ടെന്നും, ഈ റിപ്പോർട്ട് തന്റെ മറുപടിയിൽ നിന്നും അടിസ്ഥാനപരമായിത്തന്നെ വ്യക്തമാണെന്നും, നിയമസഭയേയോ, നിയമസഭാംഗങ്ങളേയോ അവഹേളിക്കുന്നതിനോ അവരുടെ അവകാശങ്ങളെ ലംഘിക്കുന്നതിനോ തനിക്ക് യാതൊരു ഉദ്ദേശവുമില്ലായിരുന്നുവെന്നും അദ്ദേഹം തന്റെ മറുപടിയിൽ പറയുന്നു. പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.എ. ചന്ദ്രന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(2) 1999 ജൂലായ് 8-ാം തീയതി മലയാളമനോരമ ദിനപ്പത്രത്തിൽ, ''നിയമസഭയും മറക്കേണ്ട കാര്യങ്ങൾ മറക്കണം'' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച മുഖപ്രസംഗം സഭാനേതാവായ മുഖ്യമന്ത്രിയെ പ്രത്യേകിച്ചും, നിയമസഭാംഗങ്ങളെ പൊതുവിലും ജനങ്ങൾക്കിടയിൽ കരിതേച്ചു കാണിക്കുന്നതാണെന്നാരോപിച്ച് പ്രസ്തുത പത്രത്തിന്റെ പ്രിന്റർ ആന്റ് പബ്ലീഷർ, അസോസിയേറ്റ് എഡിറ്റർ, മാനേജിംഗ് എഡിറ്റർ എന്നിവർക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. പി. രാഘവൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ ചെയർ ബന്ധപ്പെട്ടവരുടെ വിശദീകരണം ആരായുകയുണ്ടായി. പ്രസ്തുത മുഖപ്രസംഗം സദുദ്ദേശത്തോടുകൂടി എഴുതിയതാണെന്നും, സഭാനേതാവിനേയോ സഭാംഗങ്ങളേയോ പൊതുജനമദ്ധ്യത്തിൽ കരിതേച്ചു കാണിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലായിരുന്നുവെന്നും വിവാദം ഒഴിവാക്കാൻ മുഖ്യമന്ത്രി മുൻകൈയെടുക്കേണ്ടതായിരുന്നുവെന്ന് സൂചിപ്പിക്കുകയായിരുന്നുവെന്നും മറുപടിയിൽ പറയുന്നു. മേൽ നടപടികൾ അവസാനിപ്പിക്കണമെന്ന അഭ്യർത്ഥനയുമുണ്ട്. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. പി. രാഘവന് അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

(3) മലയാള മനോരമ ദിനപ്പത്രത്തിൽ 'നടുത്തളം' എന്ന പേരിൽ എഴുതിയ നിയമസഭാവലോകനത്തിലെ ചില പരാമർശനങ്ങൾ പൊതുജനങ്ങൾക്കിടയിൽ ബോധപൂർവ്വം തന്നെ അപകീർത്തിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് ആരോപിച്ചുകൊണ്ട് പത്രത്തിന്റെ ലേഖകൻ, ചീഫ് എഡിറ്റർ, പ്രിന്റർ ആന്റ് പബ്ലിഷൻ എന്നിവർക്കെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ ഒരു നോട്ടീസ് നൽകിയിരുന്നു. ഇക്കാരത്തിൽ ചെയർ ബന്ധപ്പെട്ടവരുടെ വിശദീകരണമാരായുകയുണ്ടായി. നിയമസഭാവലോകനത്തിലൂടെ നിയമസഭയുടെയോ ബഹുമാനപ്പെട്ട അംഗത്തിന്റെയോ അവകാശത്തെ ലംഘിക്കുവാൻ യാതൊരുവിധ ഉദ്ദേശവും ഉണ്ടായിരുന്നില്ലെന്നും ബഹുമാനപ്പെട്ട അംഗത്തെ പൊതുജനങ്ങളുടെ ഇടയിൽ അപകീർത്തിപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നുവെന്നും മറുപടിയിൽ പറയുന്നു. മേൽ നടപടികൾ ഒഴിവാക്കണമെന്ന അഭ്യർത്ഥനയും മറുപടിയിലുണ്ട്. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മയ്ക്ക് അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിനു ചെയർ അനുമതി നിഷേധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(b) പരിഗണനയിലിരിക്കുന്നവ

ഒരു അംഗമെന്ന നിലയിൽ അറിയാനുള്ള തന്റെ അവകാശത്തെ നിഷേധിക്കുകയും തെറ്റായ വിവരങ്ങൾ നൽകി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തുവെന്നാരോപിച്ച് ഉന്നതവിദ്യാഭ്യാസ സെക്രട്ടറിക്കെതിരെ അവകാശ ലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. ജി. സുധാകരനും, കോഴിക്കോട് റീജിയണൽ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുന്നത് സംബന്ധിച്ച് ധനകാര്യമന്ത്രി 1999-2000 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ കാര്യവും, ഇതേ വിഷയം സംബന്ധിച്ച് 13.12.1999-ന് ഉന്നയിച്ച 90-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടിയും പരസ്പരവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് മുഖ്യമന്ത്രിക്കും ധനകാര്യമന്ത്രിക്കുമെതിരേ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. ഇ.എം. അഗസ്തിക്കും, രണ്ട് ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ട ശ്രീ. ആർ. ബാലകൃഷ്ണപിള്ള നിയമസഭാംഗത്വം രാജി വയ്ക്കേണ്ടതായിരുന്നുവെന്നും എന്നാൽ അതിന് തയ്യാറാകാത്ത സാഹചര്യത്തിൽ പ്രിവിലേജസ് ആന്റ് എത്തിക്സ് കമ്മിറ്റി ഇക്കാര്യം പരിഗണിച്ച് എം.എൽ.എ സ്ഥാനം രാജിവച്ച് ഒഴിയാൻ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്ക് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. രാഘവനും ഓരോ നോട്ടീസുകൾ നൽകിയിട്ടുണ്ട്. അവ ചെയറിന്റെ പരിഗണനയിലാണ്.

ഇനി ഇതെല്ലാം അടുത്ത സഹസ്രാബ്ദത്തിലാണ്. നേരത്തേ സൂചിപ്പിച്ചതുപോലെ ഇത് ചരിത്രപ്രധാനമായ ഒരു സമ്മേളനമാണ്. ഈ നൂറ്റാണ്ടിന്റേയും സഹസ്രാബ്ദത്തിന്റേയും അവസാനത്തെ സമ്മേളനമാണ്. ഈ സഹസ്രാബ്ദത്തിൽ ഇനി ഇതില്ല. ഇതിൽ പങ്കാളികളാകാനും സാക്ഷികളാകാനും നമുക്കു കഴിഞ്ഞുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. സൗഹാർദ്ദപരമായ ഒരു അന്തരീക്ഷത്തിലാണ് ഈ 12 ദിവസക്കാലവും സമ്മേളിച്ചത് എന്നതിൽ നമുക്ക് എക്കാലവും അഭിമാനിക്കാം. നിയമനിർമ്മാണത്തിനു വേണ്ടിയായിരുന്നു കൂടിയതെങ്കിലും മറ്റു കാര്യങ്ങളിലേയ്ക്കും കടക്കുകയുണ്ടായി. നിയമനിർമ്മാണത്തിൽത്തന്നെ ഏറ്റവും സുപ്രധാനമായ നിയമങ്ങളാണ് ഈ സമ്മേളത്തിൽ പാസ്സാക്കിയെടുത്തത്. ഏറ്റവും ഒടുവിലത്തെ ബിൽ എന്നു വിശേഷിപ്പിക്കാവുന്നതാണ് കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ബിൽ. ഇതൊരു വലിയ കാൽവയ്പാണ്. പത്തു-മുപ്പതു വർഷക്കാലത്തെ പരിശ്രമത്തിന്റെ ഫലമായിട്ടാണ് 1999-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പാസ്സാക്കാൻ കഴിഞ്ഞത്. എത്രയോ നാളുകളായി ഇത് ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. വളരെ സൗഹാർദ്ദപരമായി. ആശയസമുച്ചയത്തിലൂടെതന്നെ ഇവ നമുക്കു പാസ്സാക്കിയെടുക്കാൻ കഴിഞ്ഞു എന്നത് അഭിമാനകരമായ ഒരു കാര്യമാണ്. ചട്ടം 130 അനുസരിച്ചുള്ള രണ്ടു വിഷയങ്ങൾ ചർച്ച ചെയ്തു. അതൊരു ചെറിയ കാര്യമല്ല. രണ്ടും പ്രധാനപ്പെട്ട വിഷയങ്ങളായിരുന്നു. ഉപധനാഭ്യർത്ഥനകളും ധനവിനിയോഗ ബില്ലുമൊക്കെ ചേർന്നുകൊണ്ടുള്ള വളരെ തിരക്കുപിടിച്ച 12 ദിവസക്കാലമാണ് കഴിഞ്ഞത്. ഇതിനോട് സഹകരിച്ചിട്ടുള്ള സഭാനേതാവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണി, കക്ഷിനേതാക്കൾ, മറ്റു നിയമസഭാംഗങ്ങൾ എന്നിവർക്കെല്ലാം ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. അതുപോലെ പത്രമാധ്യമ സുഹൃത്തുക്കൾ, നിയമസഭാസെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ സുഹൃത്തുക്കൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി ഈ സന്ദർഭത്തിൽ പ്രകാശിപ്പിക്കുന്നു. എല്ലാവർക്കും സഹസ്രാബ്ദത്തിന്റെയും പുതുവൽസരത്തിന്റെയും ആശംസകൾ നേരുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സഭ മുമ്പാകെ വയ്ക്കാൻ ഗവൺമെന്റിന് തൽക്കാലം മറ്റ് ബിസിനസ്സുകൾ ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്. ഗവൺമെന്റിനു വേണ്ടി എല്ലാവർക്കും നവവൽസരാശംസകൾ അർപ്പിക്കുന്നു.

മി. സ്പീക്കർ : സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(1999 ഡിസംബർ മാസം 29-ാം തീയതി രാത്രി 7.10 ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly